# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26

എം. എസ്. പി ഹയർസെക്കണ്ടറി സ്കൂൾ മലപ്പുറം

<u>ഉള്ളടക്കം</u>


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘു ചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ– വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംങ്ങ്
11. ഉപസംഹാരം


<u>അനുബന്ധം</u>


1. വിദ്യാലയത്തിന്റെ രൂപരേഖ, പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ
2. മികവുകൾ നേട്ടങ്ങൾ (മുൻ വർഷം)
3. കുട്ടികളുടെ എണ്ണം – മുൻ വർഷങ്ങളിൽ
4. എസ്.എസ്.എ/ആർ.എം.എസ്.എ പദ്ധതിക്കായി തയ്യാറാക്കിയ വിവിധ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ – അംഗങ്ങളുടെ പട്ടിക.

# ആമുഖം

സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഏക വിദ്യാലയമാണ് മലപ്പുറം എം.എസ്.പി. ഹയർസെക്കൻഡറി സ്കൂൾ . 1908 ൽ ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥരുടെ മക്കൾക്ക് പഠിക്കാനായി ആരംഭിച്ച ഈ വിദ്യാലയം കാലക്രമേണ ഇന്ന് കാണുന്ന രൂപത്തിൽ എത്തിച്ചേർന്നത്. സർക്കാറിന്റെയും മാനേജ്മെന്റിന്റെയും പി.ടി.എ യുടെയും മറ്റ് മഹത് വ്യക്തികളുടെയും നിസ്വാർത്ഥമായ സഹായസഹകരണങ്ങൾ കൊണ്ട് മാത്രമാണ്.

ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും , കലാരംഗത്തും , കായികരംഗത്തും ഒരുപോലെ മികവ് പ്രകടിപ്പിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള (Inclusive education) വൈവിധ്യമാർന്ന ബോധതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപിക്കാൻ സ്കൂളിന് കഴിയുന്നുണ്ട്. ലിംഗ സമത്വത്തെ കുറിച്ചുള്ള അവബോധം പഠനത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് എന്നിവ നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.ചിട്ടയായ പ്ലാനിങ് , അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ പഠന മികവിന് കാരണമാണ്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാർ , PTA, പൂർവ്വ വിദ്യാർത്ഥികൾ , നാട്ടുകാർ ജില്ല പ്രതിനിധികൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു.

.

വർഷംതോറും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളി അക്കാദമിക നിലവാരത്തിലുള്ള അംഗീകരമാണ്. സമൂഹത്തിന്റെ അംഗീകാരം നിലനിർത്തിക്കൊണ്ട് പോകാനും , ഗുണപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. മാനവരാശി ഇതുവരെ ആർജിച്ച ജ്ഞാനം കൂടുതൽ സമ്പുഷ്ടമായി പെരുംതലമുറയിലേക്ക് കൈമാറുക എന്ന ധർമ്മം വിദ്യാഭ്യാസത്തിനുണ്ട് എന്ന ലക്ഷ്യത്തോടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്



# ലക്ഷ്യങ്ങൾ

→ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

→ അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക

→ എൽ.കെ.ജി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തനം രൂപപ്പെടുത്തൽ

→ അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

→ ഈ വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആധുനിക സാങ്കേതികവിദ്യയിൽ പിന്നിലാകില്ല എന്ന് ഉറപ്പുവരുത്തുക

→ മികവുറ്റ പഠനം ഉറപ്പാക്കുന്നതിനായി എല്ലാ ക്ലാസ്സുകളിലും കമ്പ്യൂട്ടർ പ്രയോജനപ്പെടുത്തിയുള്ള അധ്യാപന രീതി നടപ്പിലാക്കുക

# എം. എസ്. പി ഹയർസെക്കണ്ടറി സ്കൂൾ മലപ്പുറം

*ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം*

*ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്ന മലപ്പുറം ജില്ലയുടെ ഭരണസിരാകേന്ദ്രത്തിൽ തലയുയർത്തിനിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് എം എസ് പി ഹയർസെക്കൻഡറി സ്കൂൾ. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന മലപ്പുറത്തിന്റെ വികസനത്തിന് ഈ വിദ്യാലയം വഹിച്ച പങ്ക് നിസ്സീമമാണ്. നിരവധി മഹാരഥൻമാർ ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചു ഉയർന്നുവന്നിട്ടുണ്ട്, ഇന്ത്യയുടെ സ്പോർട്സ് രംഗത്തെ ഈ വിദ്യാല യത്തിനുള്ള സ്ഥാനം വിലമതിക്കാനാവാത്തതാണ്.നിരവധി ഇന്ത്യൻ കളിക്കാരെ വാർത്തെടുത്ത ഒരു സരസ്വതി ക്ഷേത്രമാണ് എംഎസ്പി ഹയർ സെക്കൻഡറി സ്കൂൾ. സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റിൽ ലോകത്തിലെ ഒന്നാം നമ്പർ ഫുട്ബോൾ ക്ലബ്ബായ ബ്രസീലിയൻ ടീമിനോട് ഫൈനൽ മത്സരത്തിൽ ഏറ്റുമുട്ടി രണ്ടാം സ്ഥാനം നേടിയ ചുണക്കുട്ടന്മാർ എം എസ് പി സ്കൂളിന്റെ സംഭാവനയാണ്. 2018 ൽ നടന്ന നാഷണൽ റിലയൻസ് കപ്പ് ഫുട്ബോൾ ടൂർണ്ണമെന്റിൽ ഒന്നാം സ്ഥാനം നേടിയതും ഈ വിദ്യാലയമാണ്.ഇച്ഛാശക്തിയുടെയും ആത്മസമർപ്പണത്തത്തിന്റെയും ഉത്തമ ഉദാഹരണമാണ് ഈ നേട്ടങ്ങൾ. കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏ ക വിദ്യാഭ്യാസ സ്ഥാപനമാണ് എം എസ് പി ഹയർ സെക്കൻഡറി സ്കൂൾ. മലബാർ സ്പെഷ്യൽ പോലീസ് സേനാംഗങ്ങളുടെയും മറ്റ്പോലീസ് സേനാംഗങ്ങളുടെയും മക്കളുടെ വിദ്യാഭ്യാസഉന്നമനത്തിനുവേണ്ടി 1908ൽ ആണ് ഒരു ലോവർ പ്രൈമറി സ്കൂൾ ആയി വിദ്യാലയം രൂപംകൊണ്ടത് പിന്നീട് അപ്പർ പ്രൈമറി സ ്കൂൾ ആയി. 1911 ഈ സ്ഥാപനത്തിന് മദ്രാസ് സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും 1920 എയ്ഡഡ് എൽപി സ്കൂൾ ആയും 1958 ൽ യുപി സ്കൂൾ പദവിയും 1966 ൽ ഹൈസ ്കൂൾ പദവിയും ലഭിച്ചു. 1999 ൽ ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിൽ ഇന്ന് മൂവായിരത്തിൽപ്പരം വിദ്യാർഥികളും നൂറിൽപരം അധ്യാപകരും പത്തോളം അനധ്യാപക ജീവനക്കാരും ഈ സ്ഥാപനത്തിന്റെ ഭാഗമായി നിലകൊള്ളുന്നു. സ്കൂൾ മാനേജ്മെന്റ് പിടിഎയും അധ്യാപകരും അനധ്യാപകരും ഈ സ്കൂളിന്റെ ഉയർച്ചയ്ക്ക് വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു. കലാകായിക രംഗത്ത് മാത്രമല്ല കാരുണ്യ പ്രവർത്തനത്തിലും നിരവധി സംഭാവനകളാണ് ഈ സ്കൂൾ നടത്തിക്കൊണ്ടിരിക്കുന്നത്. കുട്ടികളിൽ അർപ്പണ വിശ്വാസവും സാമൂഹ്യബോധവും വളർത്തുന്നതിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി എൻസിസി, എസ് പി സി, ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് , ലിറ്റിൽ കൈറ്റ്സ് എന്നിവയും മറ്റ് നിരവധി ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു*

## വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

* ‘മോചന മരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം’ എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോ ഫ്രൈറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

* പാഠ–പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

* പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

* ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

* പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരുംതലമുറക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# SCHOOL PROFILE

## MSPHSS MALAPPURAM

**Malappuram (po)- 676505**

---

| | | |
|---|---|---|
| Established | : | 1908 |
| Type of School | : | Aided |
| Sub District | : | Malappuram |
| Revenue District | : | Malappuram |
| Educational District | : | Malappuram |
| Ward No | : | 12 |
| Total No. of Students | : | 2284 |
| Total No. of Teachers | : | 98 |
| Total No. of non-Teaching Staff | : | 10 |
| Name of Principal in charge | : | MEERA |
| Name of Headmistress | : | SMITHA PI |
| Phone Number | : | 0483 2736334 |
| E-mail | : | msphsmalappuram@gmail.com |

# എം.എസ്.പി ഹയർ സെക്കണ്ടറി സ്കൂൾ

പ്രവർത്തനമികവുകൾ കൊണ്ട് ശ്രദ്ധേയമായ വിദ്യാലയമാണിത്. 2023-24 അധ്യയന വർഷത്തിൽ എം.എസ്.പി ഹയർസെക്കണ്ടറി സ്ക്കൂളിലെ കുട്ടികൾ വിവിധ പഠനപാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുത്ത് ഉയർന്ന മികവ് കൈവരിച്ചു. 2024 മാർച്ച് SSLC പരീക്ഷയിൽ 100 % വിജയിക്കുകയും 64കുട്ടികൾ മുഴുവൻ വിഷയങ്ങളിലും A+ നേടുകയും ചെയ്തു.NMMS,USS,LSS എന്നീ സ്കോളർഷിപ്പുകളിൽ മികച്ച വിജയം ഉറപ്പിച്ചു.

NCC,SPC, JRC, സ്കൗട്ട്,ലിറ്റിൽ കൈറ്റ്സ്, വിദ്യാരംഗം, ഹരിത ക്ലബ്,സയൻസ്, സോഷ്യൽ, ഗണിതം, കഠ സ്ക്കൂ ളിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്നു. ദേശീയതലത്തിൽ NCC സംഘടിപ്പിക്കുന്ന തൽ സൈനിക്ക് ക്യാമ്പിന് 9.A യിൽ പഠിക്കുന്ന ഷഹന നിസാറിന് സെലക്ഷൻ ലഭിക്കുകയും വെങ്കല മെഡൽ നേടുകയും ചെയ്തു.

സ്ക്കൂളിൽ നിന്ന് 42 ടീം വിവിധ ഗെയിമുകൾക്കായി സബ്ജില്ലയിൽ പങ്കെടുത്തു 'യൂത്ത് ലീഗ്, 'CHIEF MINISTER'S TROPHY' ഓൾ കേരള ചാമ്പ്യൻമാരാണ്. SHUTTLE BADMINTON, SHOOTING എന്നിവയിൽ സംസ്ഥാ നതലത്തിൽ പങ്കെടുത്തു. BASKET BALL, SHUTTLE എന്നിവ ജില്ലാതല ചാമ്പ്യൻമാരായി. സംസ്ഥാന കലാമേളയിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കുകയും 'അ' ഗ്രേഡ് വാങ്ങി സ്ക്കുളിന്റെ അഭിമാനം ഉയർത്തി. കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാനായി മലയാളതിളക്കം, ശ്രദ്ധ പോലെ പ്രത്യേകം ക്ലാസ്സുകൾ നടത്തി വരുന്നു.

പത്താം ക്ലാസിലെ കുട്ടികൾക്കായി 'വിജയഭേരി' ക്ലാസ്സുകൾ ജൂൺ മുതൽ ആരംഭിച്ചു. പരീക്ഷാസമയങ്ങളിൽ രാത്രി കാല ക്ലാസ്സുകളും ക്യാമ്പുകളും അവധി ക്ലാസ്സുകളും നൽകി.

ഉയർന്ന അക്കാദമിക നിലവാരവും അച്ചടക്കവും നിലനിർത്തുന്നതിനാവശ്യമായ വിവിധ പദ്ധതികൾ സ കൂളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വേനലവധി കാലത്ത് കുട്ടികളും രക്ഷിതാക്കളും ചേർന്ന് ചങ്ങാതിപെട്ടി എന്ന ഷോർട്ട്ഫിലിം നിർമിച്ചു. രക്ഷിതാക്കളും അധ്യാപകരും കുട്ടികളും നല്ല ചങ്ങാതിമാരാകാം എന്ന സന്ദേശം ഈ ഹ്രസ്വചിത്രം നൽകുന്നു.

മാത്രഭൂമി സീഡ് പദ്ധതിയായ 'സമൂഹ നന്മ' കുട്ടികളിലൂടെ എന്ന പ്രോഗ്രാമിന് മലപ്പുറം ജില്ലയിൽ മൂന്നാം സ്ഥാനം ലഭിച്ചു പരിസ്ഥതിഥി സംരക്ഷണത്തിലും കാർഷിക സംസ്കാരം നിലനിർത്തുന്നതിലും ഈ സ കൂൾ മികവ് പുലർത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷ തൈകൾ വെച്ചുപിടിപ്പിച്ച് തുടക്കം കുറിച്ചു. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് .

**അക്കാദമികം, ഭൗതിക പരിമിതികൾ** :

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്സ്കൂൾ ഗ്രന്ഥശാല നവീകരണം, ഓഡിറ്റോറിയം, ബയോഗ്യാസ് പ്ലാൻറ്,എയറോബിക്, യോഗ,ചെസ്സ് പരിശീലനം,ടോയ്ലറ്റുകളുടെ കുറവ്, പൂന്തോട്ടം എന്നിവ.

* ശബ്ദ സംവിധാന നവീകരണം
* ലേഡീസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ
* ലൈബ്രറി റീഡിങ് റൂമുകൾ
* മാനസികാരോഗ്യം : കൗൺസിലിങ്ങിന് സ്ഥിര സംവിധാനം ഇല്ല

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിത ശേഷി വികസനം<br>ഇംഗ്ലീഷ് പഠന പരിപോഷണം<br>ശാസ്ത്ര പോഷണ പരിപാടി<br>വായനാ പരിപോഷണം<br>ലൈബ്രറി ശാക്തീകരണം<br>പ്രതിഭാ പോഷണ പരിപാടി<br>ജൈവ വൈവിധ്യ പാർക്ക് വിപുലീകരണം<br>മാസ് ഡ്രിൽ<br>സാഹിത്യ സമാജം<br>പഠന യാത്രകൾ<br>സെമിനാറുകൾ<br>ശില്പശാലകൾ കായികമേള<br>ഐ.ടി. പരിശീലനം<br>ക്ലാസ്സ് പി.ടി.എ.<br>സ്കൂൾ മാസിക<br>പച്ചക്കറിതോട്ടം<br>അഭിമുഖങ്ങൾ മട്ടുപ്പാവ് കൃഷി<br>മെഡിക്കൽ ക്യാമ്പ്<br>പോഷകാഹാര വിതരണം<br>ഒറിഗാമി ശില്പശാല<br>ഗണിത ശാസ്ത്രലാബ്, ശാസ്ത്രാന്തരീക്ഷമൊരുക്കൽ<br>മൂല്യനിർണ്ണയം | ചുറ്റുമതിൽ,<br>പ്രകൃതി സൗഹൃദ ടൈൽ പാകി പ്രവേശനാങ്കണം .<br>സ്ഥിരമായ വൈറ്റ് ബോർഡ് എല്ലാ ക്ലാസ്സിലും<br>എല്ലാ ക്ലാസ്സിലും ഫാൻ, ലൈറ്റ്,<br>മൾട്ടിമീഡിയ സൗകര്യങ്ങൾ<br>ലാബ് വിപുലീകരണം<br>ശാസ്ത്ര ക്ലാസുകൾ ലാബിൽ<br>വരാന്തയിൽ വേസ്റ്റ് ബിൻ<br>പ്ലാസ്റ്റിക്ക് രഹിത വിദ്യാലയം<br>ലേഡീസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഓരോ ക്ലാസിനും വെവ്വേറെ ടോയ്‌ലറ്റുകൾ<br>കളിസ്ഥലം:ഗാലറി<br>വിശാലമായ ലൈബ്രറി<br>കുടിവെള്ള വിതരണം<br>ഓഡിറ്റോറിയം<br>ശബ്ദ സംവിധാനം നവീകരിക്കൽ<br>ഓപ്പൺ ജിം<br>പാർക്കിംഗ് സൗകര്യം<br>മനോഹരമായ പൂന്തോട്ടം<br>ഔഷധോദ്യാനം<br>ശലഭോധാന്യം<br>നക്ഷത്രവനം<br>ഗ്രോ ബാഗ് കൃഷി<br>കുട്ടിവനം പധതി വനത്തിന്റെ ചെറിയ പതിപ്പ്,<br>വിദ്യാലയ മുറ്റത്തെ വൃക്ഷങ്ങൾ തിരിച്ചറിയൽ. | പി.ടി.എ. ശക്തിപ്പെടുത്തൽ<br>പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം<br>വിദ്യാലയ വികസന സമിതി<br>സംഘടനകളുടെ പ്രവർത്തനം<br>സന്നദ്ധ സംഘടനകൾ<br>വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പൂർവ്വാധ്യാപകരുടെ സേവനം<br>സഹകരണ സ്ഥാപനങ്ങൾ<br>വ്യവസായ ഗ്രൂപ്പുകൾ<br>ക്ലാസ്പി.ടി.എ.മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>വിദ്യാലയ മികവുകൾ<br>പൊതുസമൂഹമയിൽ പങ്കിടൽ<br>ഭവന സന്ദർശനം |